Mr. Speaker : Question No.357..(ബഹളം).....No comments.....as if you are not getting a chance to ask question. Every day I am giving you a chance, even then why do you make such unnecessary comments ?

ഇൻസ്പെക്ഷൻ വിംഗിന്റെ ഘടനയും പ്രവർത്തനവും

2 (*357) ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗിന്റെ ഘടനയും പ്രവർത്തനവും വ്യക്തമാക്കുമോ ;

(ബി) ധനവിനിയോഗത്തെ സംബന്ധിച്ച് എല്ലാ വകുപ്പുകളിലും ഈ ഇൻസ്പെക്ഷൻ വിംഗ് പരിശോധന നടത്താറുണ്ടോ ;

(സി) പ്രസ്തുത ഇൻസ്പെക്ഷൻ വിംഗിന്റെ പ്രവർത്തനം സംസ്ഥാനത്താകെ ശക്തമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത ഇൻസ്പെക്ഷൻ വിംഗിന്റെ പ്രവർത്തനം സമയബന്ധിതമായി റിവ്യൂ നടത്താനുള്ള സംവിധാനം ഏർപ്പെടുത്തുമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ,

(എ) ധനകാര്യ ഇൻസ്പെക്ഷൻ (നോൺ ടെക്നിക്കൽ) വിംഗ്, ഇൻസ്പെക്ഷൻ ടെക്നിക്കൽ വിംഗ്, എല്ലാ ജില്ലകളിലും ജില്ലാ ധനകാര്യ ഇൻസ്പെക്ഷൻ സ്ക്വാഡുകൾ എന്നിവ ചേർന്നതാണ് ധനകാര്യവകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗ്. ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ എക്സ്പെന്റിച്ചർ സെക്രട്ടറി എന്നിവരുടെ മേൽനോട്ടത്തിൽ ഒരു ജോയിന്റ് സെക്രട്ടറി, ഒരു ഡെപ്യൂട്ടി സെക്രട്ടറി, ഒരു അണ്ടർ സെക്രട്ടറി എന്നിവരുൾപ്പെടെ ഏഴ് സെക്ഷനുകളാണ് ഇൻസ്പെക്ഷൻ (നോൺ ടെക്നിക്കൽ) വിംഗിൽ പ്രവർത്തിക്കുന്നത്. ഇൻസ്പെക്ഷൻ ടെക്നിക്കൽ വിംഗിൽ ചീഫ് ടെക്നിക്കൽ എക്സാമിനർ സിവിൽ വിഭാഗത്തിൽ മൂന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, മൂന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, മൂന്ന് അസിസ്റ്റന്റ് എഞ്ചിനീയർമാർ, ഇലക്ട്രിക്കൽ വിഭാഗത്തിൽ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മെക്കാനിക്കൽ വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ടെക്നിക്കൽ അസിസ്റ്റന്റ് ഉൾപ്പെടെ 14 പേരടങ്ങിയതാണ് ടെക്നിക്കൽ വിംഗ്. ഒരു സെക്ഷൻ ഓഫീസറുടെ നേതൃത്വത്തിലാണ് ഓരോ ജില്ലയിലും സ്ക്വാഡുകൾ പ്രവർത്തിക്കുന്നത്. ഒരു ജോയിന്റ് സെക്രട്ടറിയുടെ മേൽനോട്ടത്തിലാണ് ജില്ലാ സ്ക്വാഡുകളുടെ പ്രവർത്തനം. സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ സഹായം ലഭിക്കുന്ന മറ്റു സ്ഥാപനങ്ങൾ തുടങ്ങിയവയിൽ മിന്നൽ പരിശോധന നടത്തി ധനകാര്യ സംബന്ധമായ ക്രമക്കേടുകളും ഉദ്യോഗസ്ഥരുടെ വീഴ്ചകളും കണ്ടുപിടിച്ച് സർക്കാരിന് റിപ്പോർട്ട് നൽകുകയാണ് ഇൻസ്പെക്ഷൻ വിംഗിന്റെ പ്രധാന പ്രവർത്തനം. ധനപരമായ ക്രമക്കേടുകളെപ്പറ്റിയും സർക്കാരിന് നഷ്ടമുണ്ടാകുന്ന കാര്യങ്ങളെപ്പറ്റിയും ലഭിക്കുന്ന പരാതികളിൻമേലും ഈ വിംഗ് അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തുന്നു. സംസ്ഥാന സർക്കാരിന് കീഴിൽ വരുന്ന നിർമ്മാണ പ്രവർത്തനങ്ങളും റോഡ്, കെട്ടിടം, പാലം തുടങ്ങിയവയുടെ നിർമ്മാണം, മറ്റു സാങ്കേതിക സ്വഭാവമുള്ള നിർമ്മാണ പ്രവർത്തനങ്ങളും പരിശോധന നടത്തി ക്രമക്കേടുകൾ കണ്ടുപിടിക്കുകയാണ് ഇൻസ്പെക്ഷൻ ടെക്നിക്കൽ വിംഗിന്റെ പ്രവർത്തനം.

(ബി) ഉണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൂടുതൽ സെക്ഷനുകൾ രൂപീകരിച്ച് ധനകാര്യ ഇൻസ്പെക്ഷൻ വിംഗിനെ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇൻസ്പെക്ഷൻ വിംഗിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്താനുള്ള നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഡി) റിവ്യൂ നടത്താനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ട്. ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് പരിശോധന നടത്തി ഭരണ വകുപ്പുകൾക്ക് നൽകുന്ന റിപ്പോർട്ടിൻമേൽ സമയബന്ധിതമായി നടപടിയെടുക്കുന്നതിന് എല്ലാ സെക്രട്ടറിമാർക്കും ചീഫ് സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് തുടർനടപടികളിൻമേലും റിവ്യൂ നടന്നുവരുന്നു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ധനകാര്യവകുപ്പിന്റെ മിന്നൽ പരിശോധനയുടെ ഫലമായി ഇക്കഴിഞ്ഞ ഏപ്രിൽ-മേയ് മാസങ്ങളിൽ 50 കോടി രൂപ അനധികൃതമായി ചാക്കിലും മറ്റും സൂക്ഷിച്ചുവച്ചത് കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ ഏപ്രിൽ-മേയ് മാസങ്ങളിൽ കണ്ടുപിടിക്കപ്പെട്ടുവെങ്കിലും വളരെ രഹസ്യമായി അത് സൂക്ഷിച്ചുവയ്ക്കുകയുണ്ടായി. കഴിഞ്ഞ ദിവസം അത് പത്രത്തിൽ വന്നു. 166 ഓഫീസുകളിലായി 50 കോടി രൂപയുടെ നോട്ടുകെട്ടുകൾ ഓഫീസുകളിലെ ബാത്ത്റൂമിലും അതുപോലെ ഒളിച്ചുവയ്ക്കാൻ പറ്റുന്ന റൂമുകളിലുമായിട്ടാണ് ഒളിച്ചുവച്ചിട്ടുള്ളത്. 166 ഓഫീസുകളിലായി 66 ഉദ്യോഗസ്ഥൻമാർ നേതൃത്വം കൊടുത്തുകൊണ്ട് നടത്തിയിട്ടുള്ള അനധികൃതമായിട്ടുള്ള തിരിമറിക്ക് തന്നെ ഇടയാക്കുന്ന അവസ്ഥ സൃഷ്ടിച്ച് വയ്ക്കാൻ ശ്രമിച്ചെങ്കിലും പിന്നീട് അത് പത്രത്തിൽ വന്നു. ഇതിൻമേൽ നടപടിയെടുക്കണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിർദ്ദേശിച്ചുവെങ്കിലും അങ്ങനെ ഒരു നടപടിയെടുത്തതായിട്ട് അറിയാൻ സാധിക്കുന്നില്ല. ഇത്തരത്തിൽ ആരെയും ഞെട്ടിപ്പിക്കുന്ന ഒരു തിരിമറി കഴിഞ്ഞ ഏപ്രിൽ-മേയ് മാസങ്ങളിൽ നടന്നിട്ട് അതിനെ സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; അതോ ഇതിന്റെ പിന്നിൽ രാഷ്ട്രീയ സമ്മർദ്ദം ഉണ്ടായതിന്റെ ഫലമായി നടപടിയെടുക്കാതെ മാറ്റിവയ്ക്കുകയാണോ ചെയ്യുന്നത് എന്നറിയാൻ ആഗ്രഹമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : സർ, 169 ഓഫീസുകളിൽ ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട്. ഇൻസ്പെക്ഷൻ വിംഗ് പത്ത്, പതിനെട്ട് വർഷക്കാലമായി ധനകാര്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒന്നാണ്. ഓഫീസുകളിൽ പണം സൂക്ഷിച്ചുവച്ചിരുന്നു. ബഹുമാനപ്പെട്ട മെമ്പർ പി. കെ, ശ്രീമതി ടീച്ചർ പത്രത്തിൽ വന്ന വാചകങ്ങളാണ് ഉദ്ധരിച്ചത്. ചാക്കുകളിൽ കെട്ടി വച്ചു, ബാത്ത്റൂമിൽ വച്ചിരുന്നു എന്നൊക്കെ പറഞ്ഞു. അത് മുഴുവൻ ശരിയാകാൻ മാർഗ്ഗമില്ല. ഇതിൽ തിരിമറിയുടെ പ്രശ്നമുണ്ടെന്ന് തോന്നുന്നില്ല. കാരണം ഈ വിധത്തിലുള്ള അന്വേഷണം നടത്തി സർക്കാരിന് റിപ്പോർട്ട് വന്നപ്പോൾ സർക്കാർ ഇതിൽ കർശനമായ നടപടി സ്വീകരിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അവർ പണം സൂക്ഷിച്ച് വച്ചപ്പോൾത്തന്നെ ഗവൺമെന്റിൽ നിന്ന് ഡിപ്പാർട്ട്മെന്റിനോട് പണം അങ്ങനെ ഓഫീസുകളിൽ സൂക്ഷിച്ച് വയ്ക്കാൻ പാടില്ല, അത് തെറ്റാണ് എന്നു കാണിച്ചുകൊണ്ട്. ആവശ്യമില്ലെങ്കിൽ വിത്ഡ്രാ ചെയ്ത പണം ട്രഷറിയിൽ തിരിച്ചടയ്ക്കണമെന്നുള്ളത് നിർബന്ധമായി ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് വർഷങ്ങളായി ആവശ്യപ്പെടാറുള്ള ഒരു കാര്യമാണ്. വർഷങ്ങളായി ഇങ്ങനെ സൂക്ഷിച്ച് വയ്ക്കാറുണ്ട്. പക്ഷേ ഇപ്പോൾ ഒരു മാസം കൂടി ചെലവാക്കാൻ സമയം വേണമെന്ന് പറഞ്ഞപ്പോൾ ഒരു മാസം കൂടി നീട്ടികൊടുത്തു. ഇപ്പോൾ എട്ട് കോടിയോളം രൂപ മാത്രമേ ചെലവ് കഴിഞ്ഞ് ബാക്കിയുള്ളു. ഇന്നുവരെയുള്ള റിപ്പോർട്ട് മുഴുവൻ കിട്ടിയിട്ടില്ല. മുഴുവൻ റിപ്പോർട്ട് കിട്ടുമ്പോൾ ഒരുപക്ഷേ മുഴുവൻ പണവും ചെലവാക്കി കഴിഞ്ഞിട്ടുണ്ടാകും. അല്ലെങ്കിൽ ബാക്കി പണം ട്രഷറിയിൽ തിരിച്ച് അടച്ചിട്ടുണ്ടാകും. ഏതായാലും അവർക്ക് തെറ്റായ രീതിയിൽ ചെലവാക്കാനുള്ള സൗകര്യം ഉണ്ടാകാതിരിക്കാൻ വേണ്ടിയാണ് ഈ തീരുമാനമെടുത്തതും നടപടി സ്വീകരിച്ചതും.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ബഹുമാനപ്പെട്ട മന്ത്രി വളരെ ലാഘവബുദ്ധിയോടുകൂടിയാണ് മറുപടി പറഞ്ഞത് എന്നാണ് എനിക്ക് തോന്നുന്നത്. 8 കോടിയോളം രൂപ ട്രഷറിയിലേയ്ക്ക് തിരിച്ചടപ്പിച്ചു എന്നുള്ളതാണ് വസ്തുത. അതിനുപകരം 8 കോടി രൂപ ബാക്കിയുണ്ട് എന്ന അർത്ഥത്തിലാണ് ഇവിടെ മറുപടി പറഞ്ഞിട്ടുള്ളത്. വളരെ ഗൗരവമാണിത്. 50 കോടിയോളം രൂപയുടെ നോട്ടുകൾ ചാക്കിൽ കെട്ടി വയ്ക്കുക, ട്രഷറിയിലേക്ക് നിക്ഷേപിക്കുന്നതിന് പകരം സാമ്പത്തിക വർഷത്തിന്റെ അവസാനം മാർച്ച് 31-ന് മുൻപായിട്ട് ചെലവഴിക്കാതെ കിടക്കുന്ന സകല കാശും ട്രഷറിയിലെ ടി.പി.അക്കൗണ്ടിൽ നിക്ഷേപിക്കണമല്ലോ ? പക്ഷേ അത് നിക്ഷേപിച്ചിട്ടില്ല: എനിക്ക് ഇവിടെ ചോദിക്കാനുള്ള രണ്ടാമത്തെ ചോദ്യം, കഴിഞ്ഞ 2002 മാർച്ച് 31-ന് മുൻപ് പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിന് വേണ്ടി ചെലവഴിക്കേണ്ടുന്ന കോടിക്കണക്കിന് രൂപ ഈ രീതിയിൽ ചാക്കിലും മറ്റും കയ്യിൽവച്ചതിനെ സംബന്ധിച്ച് ഈ സഭയിൽ വന്നു. അതിനെ സംബന്ധിച്ച് അന്വേഷിക്കാമെന്നും നടപടി സ്വീകരിക്കാമെന്നും അന്ന് ഈ സഭയിൽ വാഗ്ദാനം നൽകിയതാണ്. എന്നാൽ ബഹുമാനപ്പെട്ട പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി ഇത്തരം ഉദ്യോഗസ്ഥൻമാർക്കെതിരെ ഒരു വർഷത്തിന് ശേഷമെങ്കിലും എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയാൻ ആഗ്രഹമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ബഹുമാനപ്പെട്ട മെമ്പർ പറയുന്ന പോലെ ഇത് ലാഘവബുദ്ധിയോടുകൂടി ആലോചിച്ചിട്ടേയില്ല. വളരെ സീരിയസായി ആലോചിച്ചതിന്റെ അടിസ്ഥാനത്തിലാണ് പരിശോധന നടത്തുവാനും പരിഹാര മാർഗ്ഗം കാണാനും പറഞ്ഞത്. We are very serious. ഗവൺമെന്റ് വളരെ സീരിയസായിട്ടാണ് ഇക്കാര്യത്തെക്കുറിച്ച് ആലോചിച്ചത്. അതുകൊണ്ടാണ് അന്വേഷണം നടത്തിയത്. അതുകൊണ്ടാണ് എത്ര ചെലവാക്കി എന്നുള്ളത് പറഞ്ഞത്. പിന്നീട് ഇത് ചെലവാക്കാൻ കുറച്ചുകൂടി സമയം വേണമെന്നുള്ളതുകൊണ്ട് ഗവൺമെന്റ് തന്നെ കുറച്ചുകൂടി സമയം നീട്ടികൊടുത്തു. ഒരു നയാപൈസ ഇതിൽ ഗവൺമെന്റിന് നഷ്ടം വരില്ല. ഇത് ചെലവാക്കാനോ ചെലവാക്കിയിട്ടില്ലെങ്കിൽ ട്രഷറിയിൽ അടയ്ക്കാനോ വേണ്ടിയുള്ള നിയമപരമായ തീരുമാനവും എടുക്കുന്നതാണ്. കഴിഞ്ഞ വർഷവും ഇതിനെക്കുറിച്ച് അന്വേഷണം നടത്തി, ബാക്കിയുള്ള പണം ട്രഷറിയിൽ അടയ്ക്കാൻ പറഞ്ഞു. പക്ഷേ അതിന്റെ മുഴുവൻ റിപ്പോർട്ടും കിട്ടിയിട്ടില്ല. മുഴുവൻ റിപ്പോർട്ടും കിട്ടിയതിന് ശേഷം നിയമസഭയിൽ പറയാം.

മി. സ്പീക്കർ : കേന്ദ്രഗവൺമെന്റിന്റെ പണമാണെങ്കിൽ for the interest of the state അത് ലാപ്സായിട്ട് പോകാതിരിക്കാൻ നമ്മൾ എന്തെങ്കിലും ചെയ്യണം. സ്റ്റേറ്റിന്റെ പണമാണെങ്കിൽ ഈ ചെയ്യുന്നത് ശരിയാണോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഞാൻ അത് പറയാം. കേന്ദ്രഗവൺമെന്റിൽ നിന്ന് കിട്ടുന്ന പണം എന്നു പറയുന്നത്, അതിന് തത്തുല്യമായിട്ടുള്ള പണം സംസ്ഥാന ഗവൺമെന്റുംകൂടി ചെലവാക്കുമ്പോൾ മാത്രമേ മുഴുവൻ പണവും ചെലവാക്കാൻ സാധിക്കുകയുള്ളൂ. ഇതിൽ വരുന്ന ഒരു ബുദ്ധിമുട്ടെന്ന് പറയുന്നത് ചിലപ്പോൾ മാർച്ച് മാസത്തിൽ കൊടുക്കുന്ന ബില്ല് കാഷ് ചെയ്തിട്ട് പെട്ടെന്ന് അവർക്ക് ചെലവാക്കാൻ സാധിക്കാത്തതുകൊണ്ട് അവർ കൈവശം വയ്ക്കുകയാണ്. പക്ഷേ ഇത് ഫിനാൻഷ്യൽ കോഡ് അനുസരിച്ച് ശരിയല്ല, അത് അങ്ങനെ ഉണ്ടാകരുത് എന്നുള്ളത് നിർബന്ധമായും പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് അതിൽ ആരാണ് കുറ്റക്കാരെന്ന് കണ്ടുപിടിച്ച് അവർ ശിക്ഷിക്കപ്പെടും.

ശ്രീ. ടി. കെ. ബാലൻ : സർ, ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് പല ആഫീസുകളിലും സർപ്രൈസ് ഇൻസ്പെക്ഷൻ നടത്തി ഗുരുതരമായ സാമ്പത്തിക കുറ്റങ്ങൾ കണ്ടെത്താറുണ്ട്. അങ്ങനെ കുറ്റങ്ങൾ കണ്ടെത്തിയാൽ അതിന് വിധേയമായിട്ടുള്ള സീനിയർ ഉദ്യോഗസ്ഥന്മാർ ഇതിന്റെ ഇൻസ്പെക്ഷൻ വിംഗിന്റെ അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ട് തന്നെ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും 80 ശതമാനം ആളുകളും ഒന്നുകിൽ റിട്ടയർ ചെയ്യും അല്ലെങ്കിൽ മരണപ്പെട്ടുപോകും അതിനിടയ്ക്ക് ഫൈനലൈസ് ചെയ്യാൻ സാധിക്കുന്നില്ല. അങ്ങനെ വലിയ തോതിലുള്ള പ്രൊസീജുവർ ഡിലേ ഇതിൽ വരുന്നതുകൊണ്ട് വളരെ സീനിയർ ആഫീസർമാർ ഗുരുതരമായിട്ട് കുറ്റം ചെയ്തവർ രക്ഷപ്പെടുകയാണ്. കാരണം അവർക്ക് ഒരു എക്സപ്ലനേഷൻ കൊടുക്കണമെങ്കിൽപ്പോലും ബന്ധപ്പെട്ട മന്ത്രി മുഖാന്തിരം അതിന് കടലാസ് വരണം. അങ്ങനെ ഒരുപാട് പ്രൊസീജുവർ അതിലുണ്ട്. അതുകൊണ്ടുതന്നെ ഈ ഇൻസ്പെക്ഷൻ വിംഗ് ഈ രൂപത്തിൽ അതിന്റെ എല്ലാ പ്രൊസീജുവറും സത്വരമായി കുറ്റം ചെയ്തവരെ ബുക്ക് ചെയ്യത്തക്കവിധത്തിൽ അടിയന്തിരമായിട്ടുള്ള ഒരു പരിഷ്ക്കരണം നടത്താൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : സർ. വളരെ ഗൗരവമുള്ള ഒരു കാര്യമാണ് പറഞ്ഞത് . ഇക്കാര്യത്തെക്കുറിച്ച് ആലോചിക്കേണ്ടതാണ്. തീർച്ചയായും അത് ചെയ്യേണ്ടതാണ്. അതിന്റെ അടിസ്ഥാനത്തിൽ ഇതിൽ ഡിലേ വരാൻ പാടില്ല എന്ന പശ്ചാത്തലത്തിൽ ഇപ്പോൾത്തന്നെ ചില ഡിപ്പാർട്ടുമെന്റ് ചില ഉദ്യോഗസ്ഥന്മാരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. കുറെക്കൂടി ഇത് കർശനമാക്കാൻവേണ്ടി തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ ബാലൻ : സർ, നമ്മുടെ ഈ ഇൻസ്പെക്ഷൻ വിംഗ് ഇവിടെ സംഘടിപ്പിച്ചിട്ടുള്ളത് കേന്ദ്ര മോഡലിലാണ്. കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള ഇൻസ്പെക്ഷൻ വിംഗ് വളരെ ഫലപ്രദമാണ്. കാരണം സി.ബി.ഐ.-ൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർ മിടുക്കന്മാരാണ്, നല്ല പരിശീലനമാണ് അവർക്കുള്ളത്. പക്ഷേ കേരളത്തിലുള്ള നോൺ ടെക്നിക്കൽ വിഭാഗത്തിലുള്ള ഇൻസ്പെക്ഷൻവിംഗിലുള്ള ആളുകൾക്ക് യാതൊരു പരിശീലനവുമില്ല. അവർ സർപ്രൈസ് ഇൻസ്പെക്ഷനിലൂടെ, ബഹുമാനപ്പെട്ട പി. കെ. ശ്രീമതി ടീച്ചർ പറഞ്ഞതുപോലെ, പണം ചാക്കിൽകെട്ടി വച്ചുവെന്നുപറഞ്ഞാൽ, കെ.എഫ്.സി. പ്രകാരം ഒരു ചില്ലിക്കാശുപോലും തുക കൈയിൽവയ്ക്കാൻ പാടില്ല. പെർമനന്റ് അഡ്വാൻസ് വച്ചാലും ടെമ്പററി മിസ്അപ്രോപ്രിയേഷനാണ്. ഉടൻതന്നെ സസ്പെൻഡ് ചെയ്യപ്പെടേണ്ടതാണ്. എന്തുകൊണ്ടാണ് ഈ ഡിപ്പാർട്ടുമെന്റ് ഇങ്ങനെ നിശ്ചലമായി നിൽക്കുന്നതെന്നറിയില്ല. ഞാൻ അതിലേക്ക് കടക്കുന്നില്ല. അതുകൊണ്ടുതന്നെ ഈ ഇൻസ്പെക്ഷൻ വിംഗിലുള്ള നോൺ ടെക്നിക്ക് വിഭാഗത്തിൽ, ടെക്നിക്കൽ വിഭാഗത്തിൽ, എഞ്ചിനീയറിംഗ് ഒക്കെ പാസായവരാണ്. അവർക്ക് വേണ്ട പരിശീലനം നൽകാൻ ബഹുമാനപ്പെട്ട ധനമന്ത്രിതന്നെ അങ്ങയുടെ കീഴിൽ ഒരു പ്രത്യേക പരിശീലന പദ്ധതി ആസൂത്രണം ചെയ്യുന്നതിനെപ്പറ്റി ആലോചിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഈ ഉദ്യോഗസ്ഥന്മാർക്ക് പ്രത്യേക പരിശീലനം കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. എല്ലാ ഡിപ്പാർട്ടുമെന്റിലെയും ഉദ്യോഗസ്ഥന്മാർക്ക് പരിശീലന പരിപാടി നടത്തുന്നുണ്ട്. ഇതിന് പ്രത്യേകമായ പരിശീലനം നടത്തുന്നതിനുവേണ്ടി തീരുമാനിക്കാം.

ശ്രീ. സാജു പോൾ : സർ, ജില്ലാടിസ്ഥാനത്തിൽ രൂപീകരിച്ച ഇൻസ്പെക്ഷൻ വിംഗ് വിപുലീകരിക്കാൻ ജില്ലയിലെ പ്രധാനപ്പെട്ട സാമ്പത്തിക ഇടപാട് നടക്കുന്ന സ്ഥാപനങ്ങളിൽ ഇൻസ്പെക്ഷൻ ശക്തിപ്പെടുത്തുവാനും അതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽക്കൂടി ഈ പരിശോധന നടത്തുവാനും നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കണക്കുകളും പരിശോധിക്കാൻ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നമ്മൾ ഇത് പെട്ടെന്ന് തീരുമാനം എടുക്കുമ്പോൾ ഇതിന് അനുകൂലമായും പ്രതികൂലമായുമുള്ള അഭിപ്രായം വരും. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇത് ഇങ്ങനെ സംഭവിക്കാൻ പാടില്ല. ഇത് തെറ്റാണ്. ഇത് ശരിയല്ല. ശ്രീ. ടി. കെ. ബാലൻ പറഞ്ഞതു പോലെ ഗവൺമെന്റിന്റെ പണമെടുത്ത് കൈവശം വയ്ക്കാൻ അധികാരമില്ല. ഇത് കണ്ടിന്യു ചെയ്യാൻ പാടില്ല എന്നുതന്നെയാണ് ഗവൺമെന്റിന്റെ തീരുമാനം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ : സർ, ഇവിടെ കഴിഞ്ഞ വർഷവും ഈ കൊല്ലവും ഇത്തരത്തിൽ കോടികൾ കൈവശം വച്ചുവെന്നുള്ള അതീവ ഗുരുതരമായിട്ടുള്ള ആരോപണങ്ങൾ, അതുപോലെ കണ്ടെത്തലുകൾ ഇവിടെ വന്നിരിക്കുകയാണ്. എന്റെ ചോദ്യം അങ്ങയെപ്പോലെ പരിണിതപ്രജ്ഞനും സൂക്ഷ്മദൃഷ്ടിയുള്ള ആളുമായ ഒരാൾ ധനകാര്യവകുപ്പു കൈകാര്യം ചെയ്തിട്ടും ഈ ഉദ്യോഗസ്ഥപ്രമാണിമാർ ഇത്തരത്തിൽ വകവയ്ക്കാതെ ക്രമക്കേടുകൾ തുടർന്നും നടത്തിക്കൊണ്ടുപോകുന്നത് അവരുടെ മൈന്റ് സെറ്റിൽ എന്തെങ്കിലും മാറ്റം വരാത്തതുകൊണ്ടാണോ ; അങ്ങനെയാണെങ്കിൽ അത് വരുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : Thank you honourable member, അവരുടെ മൈന്റ് സെറ്റ് മാറ്റണമെന്നുവച്ചാൽ ഒരു ദിവസംകൊണ്ട് നടക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഒരു കർശനമായ നിലപാട് തന്നെ ഗവൺമെന്റ് തീരുമാനിക്കാം. ഇത് ആവർത്തിക്കാൻ പാടില്ലായെന്നുള്ളതുതന്നെയാണ് ഗവൺമെന്റിന്റെ തീരുമാനം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ഈ പണം കൃത്യസമയത്ത് വകുപ്പിന് വികസന പ്രവർത്തനത്തിനുവേണ്ടി ചെലവ് ചെയ്യാൻ കൊടുത്തിട്ടുള്ളതാണ്. ചെലവ് ചെയ്തതിനുശേഷം ബാക്കി വന്നിട്ടുള്ളത് തിരിച്ച് ട്രഷറിയിൽ അടയ്ക്കുകയെന്നുള്ളത് അടയ്ക്കുന്നതിൽ വന്ന ഒരു പിശക് എന്നതിനെക്കാളേറെ ഒരു ലക്ഷം രൂപ ബാങ്കിലോ മറ്റ് നിലയിലോ കൊടുത്താൽ പലിശ ഇത്ര ഒരു കോടിയാണെങ്കിൽ പലിശ ഇത്ര, എന്നെല്ലാമുള്ള നിലയിൽ കാര്യങ്ങൾ മനസ്സിലാക്കിയിട്ട് ആ തരത്തിൽ പലിശ വസൂലാക്കാൻ തക്കവിധത്തിലുള്ള ഉദ്ദേശത്തോടുകൂടിയിട്ട് ഇങ്ങനെ അടയ്ക്കാതിരിക്കുക എന്നുള്ള ഉദ്ദേശവും ചില ഉദ്യോഗസ്ഥന്മാർക്കെങ്കിലും ഉണ്ടെന്നുകാണാം. ഈ പ്രശ്നത്തിലുള്ള സീരിയസ്നസ് മനസ്സിലാക്കിക്കൊണ്ട് അത്തരക്കാരെക്കൂടി കണ്ടുപിടിക്കാൻ തക്കവിധത്തിലുള്ള നിലയിൽ ഗവൺമെന്റ് ശ്രദ്ധിക്കുമോ, അതിനുള്ള കരുതൽ ഉണ്ടാകുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് അർഹിക്കുന്ന ഗൗരവത്തോടുകൂടി എടുക്കുന്നതാണ്. ഞാൻ ഒരുകാര്യത്തിൽ ഉറപ്പുപറയാം. ഈ ഗവൺമെന്റിന്റെ പണം ഒരു ഉദ്യോഗസ്ഥനും കൈവശംവച്ച് മേലിൽ ഇഷ്ടപ്രകാരം ചെലവാക്കാനുള്ള സൗകര്യം ഇനി ഉണ്ടാക്കില്ല. ഇത് നമ്മളെ സംബന്ധിച്ചിടത്തോളം, ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വളരെ സീരിയസായ കാര്യംതന്നെയാണ്. അതുകൊണ്ടാണ് ഗവൺമെന്റ് ഇത് സ്ട്രിക്ടാക്കിയത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞകാര്യവും ശ്രദ്ധിക്കുന്നതാണ്.

ശ്രീ. പി. ടി. തോമസ് : സർ, ഇൻസ്പെക്ഷൻ വിംഗിന്റെ പ്രവർത്തനം കാര്യക്ഷമമായി നടന്നാൽത്തന്നെ അതിന്മേലുള്ള നടപടി പലപ്പോഴും ഡിലേയാവുകയാണ്. ഇൻസ്പെക്ഷൻ വിംഗ് കണ്ടെത്തുന്ന കാര്യങ്ങൾക്ക് സത്വരമായ നടപടികൾ സ്വീകരിക്കാനും അതുവഴി കുറ്റക്കാരായവരെ മാതൃകാപരമായി ശിക്ഷിക്കാനുമുള്ള സംവിധാനം ഉണ്ടാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ആലോചിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഇപ്പോൾത്തന്നെ നിയമമുണ്ട്. അതാത് ഡിപ്പാർട്ടുമെന്റുകാരോട് പറഞ്ഞിട്ടുണ്ട്. ഇങ്ങനെ ചെയ്യുന്നത് മിസ് അപ്രോപ്രിയേഷനാണെങ്കിൽ മിസ്അപ്രോപ്രിയേഷൻ ഇങ്ങനെയൊരു ചിട്ടയും ഇല്ലാതെ പണം കൈവശം വയ്ക്കുന്നവരുടെ പേരിൽ നടപടി സ്വീകരിക്കണമെന്നു പറഞ്ഞിട്ടുണ്ട്. പല ഡിപ്പാർട്ടുമെന്റുകളും ഇപ്പോൾ ഈ രീതിയിൽ ചെയ്ത ഉദ്യോഗസ്ഥന്മാരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് കേസ് എടുക്കുന്നുണ്ട്. മേലിൽ ഇത് കുറെക്കൂടി കർശനമാക്കി മുന്നോട്ടുപോകും.

ശ്രീ. പി. പി. ജോർജ് : സർ, ഇതിലെ (ഡി) ചോദ്യത്തിന് ബഹുമാനപ്പെട്ട മിനിസ്റ്റർ റിവ്യൂ നടത്തുന്നതിനെപ്പറ്റി പറഞ്ഞു. ഇപ്പോഴും അതിനെപ്പറ്റി പറയുകയുണ്ടായി. ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ച് സെക്രട്ടറി തലത്തിൽനിന്ന് ആക്ഷനുവേണ്ടി അയയ്ക്കുന്ന അതുവരെ റിവ്യൂ ഉണ്ട്. ആ ആക്ഷൻ ടേക്കന്റെ റിവ്യൂ ശക്തിപ്പെടുത്താൻ പുതിയ സംവിധാനമെന്തെങ്കിലും ചെയ്യാമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ആക്ഷൻ എടുത്തുകഴിഞ്ഞതിനുശേഷം ഏതെല്ലാം ഡിപ്പാർട്ടുമെന്റുകളിൽ ആക്ഷൻ എടുത്തു, ഏതിനൊക്കെ എടുത്തില്ല എന്നുള്ളതിനെക്കുറിച്ചും റിവ്യുനടത്തുന്നതാണ്.

ഡോ. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇന്നിപ്പോൾ സഭയിൽ ചോദ്യോത്തരത്തിന് നൽകിയ ഉറപ്പുകളെല്ലാം കഴിഞ്ഞവർഷവും ഇതേ വാചകങ്ങളിൽതന്നെ ഇവിടെ ആവർത്തിച്ചിട്ടുള്ളതാണ്. അതേ തെറ്റ് അന്ന് ഒരു വകുപ്പിലായിരുന്നെങ്കിൽ ഇന്ന് ഏതാണ്ട് ആറേഴ് വകുപ്പുകളിൽ റിപ്പീറ്റ് ചെയ്തിരിക്കുകയാണ്. എന്നുമാത്രമല്ല കഴിഞ്ഞ വർഷം സഭയിൽ നൽകിയ ഉറപ്പ് അതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് ഇതുവരെ തയ്യാറായിട്ടില്ലായെന്നാണ് പറയുന്നത്. എന്റെ ചോദ്യം, കഴിഞ്ഞ വർഷം ഒരു മന്ത്രി നിർദ്ദേശിച്ചത് അനുസരിച്ചാണ് പണം എടുത്ത് കൈവശം വച്ചതെന്ന് അങ്ങ് തന്നെ നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. ഈ വർഷം ഏതെങ്കിലും മന്ത്രിയുടെ അറിവോടുകൂടിയാണോ ഉദ്യോഗസ്ഥന്മാർ പണം ട്രഷറിയിൽനിന്ന് എടുത്ത് കൈവശം സൂക്ഷിച്ചത് ?

ശ്രീ. കെ. ശങ്കരനാരായണൻ : ഡോ: തോമസ് ഐസക്കേ തെറ്റുകൾ മാത്രം കണ്ടുപിടിക്കാൻ വേണ്ടി നമ്മൾ ശ്രമിക്കരുത്. തെറ്റുകൾ ഉണ്ടെങ്കിൽ ആ തെറ്റുകൾ തിരുത്താൻവേണ്ടി ആണല്ലോ നമ്മൾ ഇത്ര ശക്തമായ ആക്ഷൻ എടുത്തത്. ഇതിൽ മന്ത്രിമാർ ഏതെങ്കിലും ഉദ്യോഗസ്ഥനോട് പണം എടുത്ത് കൈവശം വച്ച് ഇഷ്ടപ്രകാരം ചെലവാക്കിക്കൊള്ളുയെന്ന് ആരായാലും പറയില്ല. അങ്ങ് മന്ത്രിയായാലും പറയില്ല ഞാനായാലും പറയില്ല. നമ്മൾ ഈ തെറ്റുകളൊക്കെത്തീർത്ത് ഇനി ഇത് ആവർത്തിക്കാതിരിക്കാൻവേണ്ടിയാണ് കർശനമായിട്ട് മുന്നോട്ടുപോകുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിനെ മറികടക്കുന്നതിനുവേണ്ടി ചില ശ്രമങ്ങൾ നേരത്തെ നടന്നിട്ടുണ്ട്. ചിലത് ശ്രദ്ധയിലും വന്നിട്ടുണ്ട്. ജനകീയാസൂത്രണത്തിനകത്ത് 5 കൊല്ലക്കാലത്തേക്കുള്ള ഒരു ഭരണസമിതി ആ കാലഘട്ടത്തിൽ ചെയ്യുന്ന പ്രവർത്തനത്തെക്കുറിച്ച് അവരുടെ

പെർഫോർമൻസിനെക്കുറിച്ച് പിന്നീട് അന്വേഷണം നടത്തേണ്ടതില്ല എന്നുള്ള നിലയിൽ ഫിനാൻസ് ഡിപ്പാർട്ടുമെന്റ് തീരുമാനം എടുത്തിട്ടുണ്ടോ ? ഉണ്ടെന്നു വരികിൽ അത് മിസ്അപ്രോപ്രിയേഷനെ സഹായിക്കുന്നതിനുവേണ്ടിയിട്ടുള്ള ഈ മാതിരിയുള്ള തീരുമാനങ്ങൾ റദ്ദാക്കുന്നതിനും ഏത് വർഷത്തേതാണെങ്കിലും ഇതുപോലെയുള്ള നടപടി അന്വേഷണ വിധേയമാക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞകൂട്ടത്തിൽ ഇതൊരു പുതിയ അദ്ധ്യായമല്ല. ഇത് വളരെ ദീർഘകാലമായി നടക്കുന്നതാണ്. അത് നമ്മൾ സ്റ്റോപ്പ് ചെയ്യാൻവേണ്ടി, ഇത് ഇനി സംഭവിക്കരുത് എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യങ്ങളിൽ സീരിയസ്സായിട്ട് പോകുന്നത്. അത് സീരിയസ്സായിട്ടുതന്നെ കാണും. അതുകൊണ്ട് ഇതിന് ആക്ഷൻ എടുക്കുന്നുണ്ട്. പല ഉദ്യോഗസ്ഥന്മാരേയും സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഇനിയും ആരാണ് ബാക്കിവച്ചിരുന്നതെന്നു നോക്കും. ഒരു കാരണവശാലും ഇതിൽ മിസ്അപ്രോപ്രിയേഷൻ ഉണ്ടാകരുത് എന്നു തന്നെയാണ് ഗവൺമെന്റിന്റെ തീരുമാനം.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സംസ്ഥാന ലാന്റ് യൂസ് ബോർഡിന്റെ കർത്തവ്യങ്ങൾ

3 (*358) ശ്രീ. വർക്കല കഹാർ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ലാന്റ് യൂസ് ബോർഡിന്റെ കർത്തവ്യങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത ബോർഡ് കർഷകർക്ക് വേണ്ടി എന്തെല്ലാം സേവനങ്ങൾ ചെയ്തുവരുന്നു ;

(സി) പ്രസ്തുത ബോർഡ് പുനഃസംഘടിപ്പിച്ച് അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണമെന്ന് സ്വാമിനാഥൻ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ ;

(ഡി) പ്രസ്തുത ബോർഡിനെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തത്തക്ക വിധത്തിൽ പുനഃസംഘടിപ്പിക്കണമെന്നാണ് കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളത് ;

(ഇ) ഇതിനു വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly